(സി) പ്രസ്തുത ജോയിന്റ് വെരിഫിക്കേഷനിൽ നിശ്ചിത തീയതിക്കുശേഷം എത്ര ഹെക്ടർ സ്ഥലത്ത് കയ്യേറ്റം നടത്തിയതായി തെളിഞ്ഞു;

(ഡി) 1-1-1977-നു ശേഷം നടത്തിയ വനഭൂമി കയ്യേറ്റക്കാരെ ഒഴിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 31-12-1976 വരെ വനഭൂമി കയ്യേറിയവർക്കാണ് ഭൂമി പതിച്ചുനൽകുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) കയ്യേറ്റഭൂമിയിൽ 1-1-1977-നു മുമ്പും പിമ്പുമുള്ള കയ്യേറ്റങ്ങൾ നിർണ്ണയിക്കുന്നതിന് വനം, റവന്യൂ ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തിയിരുന്നു. മുഴുവൻ കയ്യേറ്റ ഭൂമിയിലും സംയുക്തപരിശോധന പൂർത്തിയാക്കിയിട്ടില്ല.

(സി) ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയ കയ്യേറ്റ ഭൂമിയിൽ 11917 ഹെക്ടർ 1-1-1977-നു ശേഷമുള്ള കയ്യേറ്റമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 3750 ഹെക്ടർ കയ്യേറ്റ ഭൂമിയിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്.

(ഡി) 1-1-1977-നു ശേഷം ഉള്ള കയ്യേറ്റമായി കണ്ടെത്തിയ 11917 ഹെക്ടറിൽ 4628 ഹെക്ടർ ഇതിനകം ഒഴിപ്പിച്ചിട്ടുണ്ട്. സമീപകാലത്തെ ആദിവാസി കയ്യേറ്റമുൾപ്പെടെ 7289 ഹെക്ടർ കയ്യേറ്റഭൂമി ഇനി ഒഴിപ്പിച്ചെടുക്കാനുണ്ട്.

ഈ കയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് റവന്യൂ, പോലീസ്, വനം വകുപ്പുകൾ സംയുക്തമായി വനം കൺസർവേറ്ററുടെ അദ്ധ്യക്ഷതയിൽ സർക്കിൾതല കമ്മിറ്റികൾ രൂപീകരിച്ച് നടപടികൾ തുടർന്നുവരുന്നു. ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള ഒരു സംസ്ഥാനതല കമ്മിറ്റി, സർക്കിൾതല കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും സംസ്ഥാനത്തെ വനം കയ്യേറ്റം ഒഴിപ്പിക്കൽ നടപടികളെ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കയ്യേറ്റക്കാരുടെ എതിർപ്പും ഇവർക്ക് രാഷ്ട്രീയപാർട്ടികൾ നൽകുന്ന പിൻതുണയും കാരണം ഒഴിപ്പിക്കൽ നടപടികൾ ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കി മന്ദഗതിയിലാണ് പുരോഗമിക്കുന്നത്.

വനം കൈയേറ്റം

95 [T 1813] ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. ബാബു :

,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള വനത്തിന്റെ വിസ്തൃതി എത്രയാണ്;

(ബി) ആകെയുള്ള വനവിസ്തൃതിയിൽ കയ്യേറ്റം കഴിച്ചാൽ വനം എത്ര വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തിന്റെ വിസ്തൃതിയുടെ എത്രശതമാനം വനം നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) വനനാശംമൂലം പശ്ചിമഘട്ടനിരകളിൽ കേരളത്തിന്റെ ഭാഗത്ത് എത്ര ഇനം സസ്യങ്ങളും മൃഗങ്ങളും ജലജന്തുക്കളും വംശനാശഭീഷണി നേരിടുന്നു എന്ന് വ്യക്തമാക്കാമോ ;

(ഇ) ഇവയെ നാശത്തിൽ നിന്നും രക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 11264.52 ചതുരശ്ര കിലോമീറ്റർ.

(ബി) കയ്യേറ്റം കഴിച്ചാൽ വനവിസ്തൃതി 10811.56 ചതുരശ്ര കിലോമീറ്ററാണ്.

(സി) വിസ്തൃതിയുടെ 28.99% വനം നിലവിലുണ്ട്.

(ഡി) കേരളത്തിന്റെ ഭാഗത്ത് 159 സസ്യജനുസുകളും വംശനാശഭീഷണി നേരിടുന്നുണ്ട്. കൂടാതെ 18 ഇനങ്ങളോളം മൃഗങ്ങളും വംശനാശഭീഷണി നേരിടുന്നുണ്ട്. വംശനാശഭീഷണി നേരിടുന്ന ജലജന്തുക്കളെപ്പറ്റി വനം വകുപ്പ് ഗവേഷണം നടത്തിയിട്ടില്ല.

(ഇ) സംരക്ഷിത മേഖലകളായ വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളിലും ദേശീയോദ്യാനങ്ങളിലും, വംശനാശം സംഭവിക്കാവുന്ന സസ്യ ജനുസുകളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ സംരക്ഷിച്ചുവരുന്നു. കൂടാതെ വംശനാശം സംഭവിക്കാവുന്ന സസ്യ ജനുസുകളെ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളായ പ്രോജക്ട് റോസ്വുഡ്, ചന്ദനം, ചെങ്കുറിഞ്ഞി, എബണി, ഔഷധ സസ്യങ്ങൾ എന്നിവയുടെ പ്രജനനം ഉറപ്പുവരുത്തുവാനുള്ള വിവിധ പദ്ധതികൾ, ഔഷധ സസ്യങ്ങളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥകളിൽ സംരക്ഷിക്കുന്നതിന് ലക്ഷ്യമിട്ട് ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന എഫ്. ആർ. എൽ. എച്ച്. റ്റി. (ഫൗണ്ടേഷൻ ഫോർ റീവൈറ്റലൈസേഷൻ ഓഫ് ലോക്കൽ ഹെൽത്ത് ട്രെഡിഷൻസ്) മുഖേന നടപ്പാക്കിവരുന്ന ഒൻപത് ഔഷധ സസ്യസംരക്ഷണമേഖലകൾ (എം. പി. സി. എ.) ലോകബാങ്ക് ധനസഹായമുള്ള കേരള ഫോറസ്ട്രി പ്രോജക്ടിൽ ഉൾപ്പെടുത്തി, പ്രത്യേക ആവാസവ്യവസ്ഥ പരിപാലന പദ്ധതി എന്നിവ നടപ്പിലാക്കുന്നുണ്ട്. സസ്യജാലങ്ങളുടെ വംശനാശത്തിന് വഴിയൊരുക്കുന്ന കാട്ടുതീ പ്രതിരോധിച്ചും സസ്യജനുസുകളെ സംരക്ഷിച്ചുവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കർശനമായ നിയമ നിർമ്മാണം നടത്തിയും അവ ഫലപ്രദമായി നടപ്പിലാക്കിയും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന സസ്യങ്ങളുടെ ശേഖരണവും ഉപയോഗവും നിയന്ത്രിച്ചുവരുന്നുണ്ട്.

വംശനാശ ഭീഷണി നേരിടുന്ന ആന, കടുവ മുതലായ മൃഗങ്ങളുടെ സംരക്ഷണത്തിനും പ്രജനനത്തിനും പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly